K26FY1584 Pages: 2 Reg No:.....
Name:.....

# Second Semester FYUGP Degree (Reg/Sup/Imp) Examination April 2026

## KU2DSCMAL108 - PRAVASAVUM SAHITHYAVUM

2024 Admission onwards

Time : 1.5 hours Maximum Marks : 50

### Section A

**Answer any 6 questions. Each carry 2 marks.**

1. "കണ്ണീർക്കയത്തിൽ മുങ്ങിത്താഴുന്ന നിസ്സഹായയായ ഒരു സ്ത്രീയുടെ ചിത്രം എന്റെ ഭാവനയിൽ വിടർന്നു വന്നു " -ആൻ്റണിക്ക് ഇങ്ങനെ അനുഭവപ്പെട്ടതെപ്പോൾ?

2. പുരുഷപ്രവാസിയുടെ വാശാനങ്ങളിലെ പ്രയോജന വാദം നൂറ്റാണ്ടുകൾക്കു മുമ്പേയുള്ളതാണ് എന്ന് സയ്യിദ് മുസ്തഫയുടെ കത്തിൽ നിന്ന് വ്യക്തമാവുന്നതെങ്ങനെ?

3. പ്രവാസപഠനങ്ങൾ എന്തെന്ന് ചുരുക്കി വിവരിക്കുക

4. " ഈ അഡ്രസ് എഴുതാൻ പഠിക്കലും അവിടെ വലിയൊരു വിദ്യാഭ്യാസമാണ് " - കാരണമെന്ത്?

5. "ഒടുവിൽ നിവൃത്തിയില്ലാതെയാണ് ഈ പോലീസ് സ്റ്റേഷന്റെ മുന്നിൽ വന്ന് നിൽക്കാൻ തീരുമാനിച്ചത് "" -സന്ദർഭം വ്യക്തമാക്കുക.

6. "അയാളുടെ പോക്ക് നോക്കിനിന്നപ്പോൾ ഒരു തീപ്പന്തം പാഞ്ഞ് പോകുന്നതായി അവന് തോന്നി " - അഷേറിന് ഇങ്ങനെ തോന്നിയത് എപ്പോൾ?

7. എസ് എ ജമീൽ കത്തുപാട്ട് രചിക്കാനിടയായ സാഹചര്യമെന്ത്?

8. "പുനസ്സമാഗമക്കുളിർമ താനിന്നൊ-
രനർഘ സമ്പത്തി,നമുക്കു സമൃഷ്ടി " - ആശയം വിശദമാക്കുക.

### Section B

**Answer any 4 questions. Each carry 6 marks.**

9. പ്രവാസികളുടെ അവധിദിനജീവിതത്തെ കാലസ്ഥിതി എന്ന നോവലിൽ ആവിഷ്കരിക്കുന്നതെങ്ങനെ?

10. "എന്റെ അർബാബ്! ഭീതികൊണ്ട് എനിക്ക് തല കറങ്ങുന്നത് പോലെ തോന്നി. താഴെ വീഴാതിരിക്കാൻ ഞാൻ എന്റെ തൊട്ടടുത്ത് നിന്നിരുന്ന ആളിന്റെ കയ്യിൽ കയറിപ്പിടിച്ചു. ". സന്ദർഭം വ്യക്തമാക്കുക.

11. 'യുദ്ധങ്ങളിലും പലായനങ്ങളിലും ഏറ്റവും തീവ്രമായ കനൽവഴികൾ താണ്ടുന്നത് സ്ത്രീകൾ തന്നെയെന്ന് നിശ്ചയം '- ഈ നിരീക്ഷണത്തിന്റെ സാധുത വിശകലനം ചെയ്യുക?

12. " കഴിവുള്ള കാലം കളഞ്ഞിനി തീർക്കേണ്ട
യാത്ര തിരിക്കുമല്ലോ?" ഈ വരികളിൽ ഉൾക്കൊള്ളുന്ന മനോഭാവം എന്തെന്ന് വിശദമാക്കുക.

SIR SYED COLLEGE CENTRAL LIBRARY

13. പ്രവാസികളുടെ വൈകാരികവും സാമൂഹികവുമായ അനുഭവപരിസരത്തെക്കുറിച്ച് 'വീട്ടിലേക്കുള്ള വഴി' എന്ന കവിതയെ ആധാരമാക്കി വിശദീകരിക്കുക.

14. "ഇവിടെ സ്നേഹിപ്പാ, നിവിടെയാശിപ്പാ- നിവിടെ ദുഃഖിപ്പാൻ കഴിവതേ സുഖം!" ഈ വരികളിലെ ഭാവതലം വിശദീകരിക്കുക.

## Section C

**Answer any 1 questions. Each carry 14 marks.**

15. 'തകിജ്ജ' എന്ന വാക്കിനായി ചെവിയോർത്തിരിക്കുന്നവരുടെ സംഘർഷങ്ങളാണ് സ്വന്തം അനുഭവങ്ങളുടെ അവതരണത്തിലൂടെ ജയചന്ദ്രൻ മൊകേരി അവതരിപ്പിക്കുന്നത്. വിവരിക്കുക.

16. ഒരു മനുഷ്യൻ എന്ന കഥ പ്രവാസിയുടെ ജീവിത സങ്കീർണതകളെ വരച്ചുകാട്ടുന്നതെങ്ങനെയെന്ന് വിലയിരുത്തുക.

قل ربّ زدني علما
SIR SYED COLLEGE
CENTRAL LIBRARY